ഹൈക്കോടതിവിധിയിൽ ഒന്നാംനില മാത്രം പണിയാൻ അനുമതി ആവശ്യപ്പെട്ടിട്ടുള്ള കെട്ടിട ഉടമകളും ഉൾപ്പെടുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ക്ലാരിഫിക്കേഷൻ ലഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഒന്നാംനില മാത്രം പണിയാൻ അപേക്ഷിച്ചിട്ടുള്ളവരും ഈ വിധിയുടെ പരിധിയിൽ വരുമെന്ന് അഡ്വക്കേറ്റ് ജനറലോ നിയമ വകുപ്പോ ഗവൺമെന്റിന് ഉപദേശം നൽകിയിട്ടുണ്ടോ;

(എഫ്) ഒന്നാംനില മാത്രം പണിയുന്നതിന് അനുമതി തേടി ഇളവ് ലഭിക്കുന്നതിനുള്ള അധിക തുകയും അടച്ച തിരുവനന്തപുരം പട്ടണത്തിലെ എത്ര അപേക്ഷകൾക്ക് ആറുമാസം കഴിഞ്ഞിട്ടും അനുമതി നൽകാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) എങ്കിൽ അത്തരക്കാർക്ക് അനുമതി നിഷേധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എച്ച്) കോടതിവിധിമൂലം ഒന്നാംനില പണിയാനുള്ള അനുമതി നിരസിച്ചവർക്ക് ഇതിനായി അവർ സർക്കാരിൽ അടച്ച തുക തിരികെ കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പായിട്ടുണ്ട്.

(ബി) ചട്ടങ്ങളിൻമേലുള്ള ലംഘനം, ഹാജരാക്കിയിട്ടുള്ള പ്ലാനിലുള്ള ന്യൂനതകൾ, സ്ഥല പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ എന്നിവ കാരണം ചില അപേക്ഷകൾ തീർപ്പാകാനുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) 361 അപേക്ഷകൾ

(ജി) കേരള കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ലംഘനമുള്ള അപേക്ഷയിൽ എക്സംപ്ഷൻ നിഷേധിച്ച് അറിയിപ്പ് നൽകിവരുന്നു.

(എച്ച്) കോടതിവിധി ഒന്നാംനില പണിയാനുള്ള അനുമതി നിരസിക്കലല്ല.

356 (1549) കെട്ടിടനിർമ്മാണ ചട്ടലംഘനം

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരസഭയിൽ കുതിരപ്പന്തി വാർഡിൽ ഗൾഫർ റോഡിന് ഇരുവശത്തുമുള്ള ചില വസ്തു ഉടമകൾ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ചുകൊണ്ട് റോഡ് വികസനത്തിന് തടസ്സമുണ്ടാകുന്നതരത്തിൽ മതിൽ ഇറക്കി കെട്ടിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നഗരസഭയുടെ അനുമതിയോടുകൂടിയാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ചാണോ നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥലം സന്ദർശിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് ഓഫീസർ വസ്തു ഉടമകൾ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ച് മതിൽ കെട്ടിയിട്ടുള്ളതായി കണ്ടെത്തി മേൽ നടപടിക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ആലപ്പുഴ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എച്ച്) അന്യായമായി റോഡിലേയ്ക്ക് ഇറക്കിക്കെട്ടി യാത്ര ദുഷ്ക്കരമാക്കുന്ന മതിലുകൾ പൊളിച്ചുമാറ്റുന്നതിനും റോഡ് വീതി കൂട്ടുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.ടി.പി. (വിജിലൻസ്) മുഖേന അന്വേഷണം നടത്തുകയുണ്ടായി.

(സി) നഗരസഭയുടെ അനുമതി വാങ്ങിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ചട്ടം ലംഘിച്ച് നിർമ്മാണം നടത്തിയതായി കാണുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്തത്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉണ്ട്. റിപ്പോർട്ട് കിട്ടിയിട്ടില്ല.

(എച്ച്) പഴയ മതിൽ പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് ജംഗ്ഷനിൽ സ്പ്ലേ ആവശ്യത്തിനായി സ്ഥലം വിട്ടുകിട്ടുന്നതിന് ഗൾഫർ റോഡിന്റെയും കുതിരപ്പന്തി റോഡിന്റെയും ജംഗ്ഷനിൽ വരുന്ന സ്ഥലം ഉടമകൾ, മുനിസിപ്പൽ ചെയർമാൻ, മുനിസിപ്പൽ സെക്രട്ടറി, ഇലക്ട്രിസിറ്റി ബോർഡ്, ടെലിഫോൺസ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കൂടി തീരുമാനം എടുക്കുവാൻ മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

357 (1560) ഗുരുവായൂർ മാസ്റ്റർ പ്ലാൻ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കെ ഇന്ത്യയിലെ പ്രധാന ക്ഷേത്രനഗരമായ ഗുരുവായൂരിലെ വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ തിരക്ക് കണക്കിലെടുത്ത് ഭക്തജനങ്ങളുടെ സൗകര്യത്തിനായി സർക്കാർതലത്തിൽ എന്തു നടപടികളാണ് പ്രത്യേകമായി സ്വീകരിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly